**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1005** **29-08-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിലെ വനത്തോടുചേർന്ന ജനവാസമേഖലകളിലിറങ്ങി വന്യമൃഗങ്ങൾ നിരന്തരം കൃഷിനാശം വരുത്തുന്നതും ജനങ്ങളെ ആക്രമിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് ഇത്തരത്തിലുള്ള നാശനഷ്ടങ്ങൾ വരുത്തുന്നതെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഈസ്റ്റേൺ സർക്കിളിന്റെ പരിധിയിലുള്ളതും വനഭൂമിയുമായി അതിർത്തി പങ്കിടുന്നതുമായ നിലമ്പൂർ നോർത്ത് ഡിവിഷന്റെ പരിധിയിൽപ്പെടുന്ന വഴിക്കടവ്, നിലമ്പൂർ, ചുങ്കത്തറ, മൂത്തേടം, എടക്കര, പോത്തുകല്ല് തുടങ്ങിയ പഞ്ചായത്തുകളിലും നിലമ്പൂർ സൗത്ത് ഡിവിഷന്റെ പരിധിയിൽപ്പെടുന്ന അമരമ്പലം, കരുളായി എന്നീ പഞ്ചായത്തുകളിലും വന്യമൃഗശല്യം ഉണ്ടാകാറുണ്ട്. |
| (ബി) | 2016-ന് ശേഷം നിലമ്പൂർ നിയോജകമണ്ഡലത്തിൽ എത്ര വന്യജീവി ആക്രമണകേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടുവെന്നും കൃഷിനാശം വരുത്തിയതിന് എത്ര പരാതികൾ ലഭിച്ചുവെന്നും ഫോറസ്റ്റ് ഡിവിഷനുകൾ, റെയിഞ്ചുകൾ, സ്റ്റേഷനുകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ; | (ബി) | 2016-ന് ശേഷം നിലമ്പൂർ നിയോജകമണ്ഡലത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട വന്യജീവി ആക്രമണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. |
| (സി) | നിലമ്പൂർ നിയോജകമണ്ഡലത്തിലെ വനാതിർത്തികളിൽ വന്യമൃഗശല്യം തടയുന്നതിന് കരിങ്കല്ലുപയോഗിച്ചുള്ള ട്രെഞ്ച് നിർമ്മാണവും റെയിൽ ഫെൻസിങ്ങ് സ്ഥാപിക്കലും' എന്ന ഹെഡിൽ വകയിരുത്തിയ തുക എത്രയാണെന്ന് അറിയിക്കാമോ; | (സി) | ഈസ്റ്റേൺ സർക്കിളിന്റെ പരിധിയിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ വനാതിർത്തികളിൽ വന്യമൃഗശല്യം തടയുന്നതിന് "കരിങ്കല്ലുപയോഗിച്ചുള്ള ട്രഞ്ച് നിർമ്മാണവും റെയിൽ ഫെൻസിങ്ങ് സ്ഥാപിക്കലും" എന്ന ഹെഡിൽ തുക വകയിരുത്തിയിട്ടില്ല. |
| (ഡി) | പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; ടി പദ്ധതി എന്നത്തേക്ക് നിർവ്വഹിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ? | (ഡി) | ഈസ്റ്റേൺ സർക്കിളിന്റെ പരിധിയിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ വനാതിർത്തികളിൽ വന്യമൃഗശല്യം തടയുന്നതിന് "കരിങ്കല്ലുപയോഗിച്ചുള്ള ട്രഞ്ച് നിർമ്മാണവും റെയിൽ ഫെൻസിങ്ങ് സ്ഥാപിക്കലും" എന്ന ഹെഡിൽ തുക വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ഡിവിഷൻ | റെയിഞ്ച് | സ്റ്റേഷൻ/ സെക്ഷൻ | വന്യജീവി ആക്രമണ കേസുകളുടെ എണ്ണം | കൃഷിനാശം സംബന്ധിച്ച പരാതികളുടെ എണ്ണം |
|---|---|---|---|---|
| നിലമ്പൂർ നോർത്ത് | വഴിക്കടവ് | നെല്ലിക്കുത്ത് | 20 | 121 |
| | | പോത്തുകൽ | 29 | 178 |
| | നിലമ്പൂർ | കാഞ്ഞിരപ്പുഴ | 31 | 126 |
| | | പനയങ്കോട് / വള്ളുവശ്ശേരി | 20 | 95 |
| നിലമ്പൂർ സൗത്ത് | കാളികാവ് | ചക്കിക്കുഴി | 13 | 69 |
| | കരുളായി | ചക്കിക്കുഴി | 12 | 32 |
| **ആകെ** | | | **125** | **621** |